ആരോഗ്യ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

194 (1129) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഫസ്റ്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സെക്കന്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഗ്രേഡ് മാറ്റത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇവരുടെ പ്രമോഷൻ എത്ര വർഷത്തിനുള്ളിൽ പൂർത്തിയാകും എന്നാണ് കണക്കാക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) സെക്കന്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(എഫ്) ഏതെല്ലാം ജില്ലകളിൽ ഇവരുടെ റാങ്കുലിസ്റ്റ് നിലവിലുണ്ട് ;

(ജി) റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ ഇനി എത്രപേരുടെ ഒഴിവുകൾ ഉണ്ട് ;

(എച്ച്) ഇവരുടെ നിയമനം എത്രനാൾക്കുള്ളിൽ പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ജില്ലകളിൽ നിന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പുതുതായി ഉൾപ്പെടുത്തിയ 5 പേർ ഒഴികെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യതയുള്ള മുഴുവൻ ആളുകളെയും പ്രമോട്ട് ചെയ്തിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റും തയ്യാറായിക്കഴിഞ്ഞാൽ ഒഴിവുകളുടെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) അടിയന്തിരമായി സിനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിവരുന്നു. ഈ നടപടി കഴിഞ്ഞാൽ ഒഴിവുകളുടെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകുന്നതാണ്.

(ഇ) ജില്ലകളിൽ നിന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഒഴിവുകളുടെ ലഭ്യതയുടെ അടിസ്ഥാനത്തിലും പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ചെയ്യുന്ന മുറയ്ക്കും കഴിവതും വേഗം നിയമനം നടത്തി വരുന്നു.

എൻ.എഫ്.സി.പി. യൂണിറ്റുകളിലെ ഫീൽഡ് വർക്കർമാരുടെ പ്രമോഷൻ സാദ്ധ്യതകൾ

195 (1130) ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ എൻ.എഫ്.സി.പി. യൂണിറ്റുകളിലെ ഫീൾഡ് വർക്കർമാരുടെ പ്രമോഷൻ സാദ്ധ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇവർക്ക് പ്രമോഷൻ ലഭിക്കണമെങ്കിൽ മറ്റെന്തെങ്കിലും യോഗ്യത നേടിയിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ ; എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ എന്തെല്ലാം ;

(സി) പ്രമോഷനുവേണ്ടി യോഗ്യത നേടിയ എത്ര ഉദ്യോഗസ്ഥർ ഈ വിഭാഗത്തിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവരിൽ എത്രപേർക്ക് ഇതിനകം പ്രമോഷൻ നൽകിയിട്ടുണ്ട് ;

(ഇ) കാസർഗോഡ് ഡി.എം.ഒ.-യുടെ 22-11-2000-ലെ എ2-12134/00/ഡി.എം.ഒ (എച്ച്) കെ.ജി.ഡി എന്ന ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ജീവനക്കാരോടൊപ്പം പരിശീലനം ലഭിച്ചിട്ടുള്ള മറ്റു ജീവനക്കാർക്ക് പ്രമോഷൻ നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ജി) പരിശീലനം ലഭിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.എഫ്.സി.പി. യൂണിറ്റുകളിലെ ഫീൽഡ് വർക്കർമാർക്ക് ഫീൽഡ് അസിസ്റ്റന്റുമാരായി പ്രമോഷൻ ലഭിക്കാൻ അർഹതയുണ്ട്. യോഗ്യതയുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ അഭാവത്തിൽ ഇൻസെക്ട് കളക്ടർമാരായി പ്രമോഷൻ ലഭിക്കാൻ അർഹതയുണ്ട്.

(ബി) ഫീൽഡ് അസിസ്റ്റന്റുമാരായി പ്രമോഷൻ ലഭിക്കുന്നതിന് എട്ടാം സ്റ്റാൻഡേർഡും ഫീൽഡ് വർക്കറായി 10 വർഷത്തെ സേവന പരിചയവും ആവശ്യമാണ്. യോഗ്യതയുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ അഭാവത്തിൽ, ഫീൽഡു വർക്കർമാർക്ക് നേരിട്ട് ഇൻസെക്ട് കളക്ടർ ആയി പ്രമോഷൻ ലഭിക്കുന്നതിന് എസ്.എസ്.എൽ.സി.-യും മലേറിയ അല്ലെങ്കിൽ ഫയലേറിയ സർവ്വേയിലോ നിയന്ത്രണ ജോലിയിലോ രണ്ടുവർഷത്തെ പരിചയം ഉണ്ടായിരിക്കണം.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly